# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2667 — 10.12.2014- ലെ മറുപടി.

## സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ പ്രവേശനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.രാധാകൃഷ്ണൻ<br>ശ്രീ. ആർ.രാജേഷ്<br>ശ്രീ. സാജൂ പോൾ<br>ശ്രീ. സി.രവീന്ദ്രനാഥ് | ശ്രീ. വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) കഴിഞ്ഞ വർഷം സ്വാശ്രയ മെഡിക്കൽ കോളേജുകളിലേക്കുള്ള പ്രവേശനം പ്രവേശന പരീക്ഷാ കമ്മീഷണറുടെ പ്രോസ്പെക്ടസ് അനുസരിച്ചാണോ നടത്തിയത്; അല്ലെങ്കിൽ അതിന്റെ കാരണം അറിയിക്കാമോ; എത്ര സീറ്റിലേക്കാണ് മാനേജ്മെന്റുകൾ സ്വന്തം നിലയിൽ പ്രവേശനം നടത്തിയത്; സ്വാശ്രയ മാനേജ്മെന്റുകളിലെ അമ്പതു ശതമാനം മെറിറ്റ് സീറ്റുകൾ നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടാകില്ലെന്ന് നിയമസഭയിൽ നൽകിയ ഉറപ്പ് പാലിച്ചിട്ടുണ്ടോ; | (എ) സർക്കാർ അംഗീകരിച്ചിട്ടുള്ള പ്രോസ്പെക്ടസ്, വിവിധ സർക്കാർ ഉത്തരവുകൾ, ബഹു. സുപ്രീം കോടതിയുടെ അലോട്ട്മെൻറ് ഷെഡ്യൂൾ, ഉത്തരവുകൾ, എന്നിവയുടെ അടിസ്ഥാനത്തിലാണ് കഴിഞ്ഞ വർഷം സ്വാശ്രയ മെഡിക്കൽ കോളേജുകളിലേയ്ക്കുള്ള പ്രവേശനം നടത്തിയത്. സർക്കാരുമായി കരാറിൽ ഏർപ്പെട്ട സ്വകാര്യ-സ്വാശ്രയ മാനേജ്മെന്റുകളുടെ കോളേജുകളിലെ 50% സീറ്റുകളിലേക്ക് പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കിയ ലിസ്റ്റിൽ നിന്നും അലോട്ട്മെന്റ് നടത്തിയിട്ടുണ്ട്. |
| (ബി) സർക്കാർ മെരിറ്റ് ലിസ്റ്റിൽ നിന്നല്ലാതെ സ്വന്തം നിലയിൽ തയ്യാറാക്കിയ ലിസ്റ്റിൽ നിന്നും വിദ്യാർത്ഥികളെ പ്രവേശിപ്പിച്ച സ്ഥാപനങ്ങൾ ഏതെന്നും അതിന് അവർ ഉന്നയിച്ച കാരണങ്ങൾ എന്തായിരുന്നുവെന്നും വ്യക്തമാക്കാമോ; | (ബി) 1. എം.ഇ.എസ് മെഡിക്കൽ കോളേജ്, പെരിന്തൽമണ്ണ, മലപ്പുറം.<br>2. ട്രാവൻകൂർ മെഡിക്കൽ കോളേജ്, കൊല്ലം.<br>3. കെ.എം.സി.റ്റി മെഡിക്കൽ കോളേജ്, മുക്കം, കോഴിക്കോട്.<br>4. കണ്ണൂർ മെഡിക്കൽ കോളേജ്, കണ്ണൂർ<br>5. കരുണാ മെഡിക്കൽ കോളേജ്, പാലക്കാട് എന്നീസ്ഥാപനങ്ങളാണ് സ്വന്തം നിലയിൽ പ്രവേശനം നടത്തിയിട്ടുള്ളത്. മേൽ സ്ഥാപനങ്ങൾ സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായി സർക്കാരുമായി ധാരണയിലെത്തുകയോ, ധാരണാപത്രം ഒപ്പുവയ്ക്കുകയോ ചെയ്തിട്ടില്ല. ഈ സാഹചര്യത്തിലാണ് സ്വന്തം നിലയ്ക്ക് പ്രവേശനം നടത്തിയിട്ടുള്ളത്. |
| (സി) അടുത്ത വർഷത്തെ പ്രവേശന പരീക്ഷയ്ക്ക് മുന്നോടിയായി സ്വാശ്രയ മെഡിക്കൽ കോളേജുകളുമായി ഏതെങ്കിലും കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; അവരുമായി ഇതു സംബന്ധിച്ച് നടത്തിയ ചർച്ചയുടെ വിശദാംശം അറിയിക്കാമോ; | (സി) 2015-16 അദ്ധ്യായന വർഷം സർക്കാർ/സ്വാശ്രയ മെഡിക്കൽ കോളേജുകളിലേയ്ക്കുള്ള പ്രവേശന നടപടികൾ സർക്കാർ സ്വീകരിച്ചു വരികയാണ്. |

(ഡി) പ്രശ്നപരിഹാരത്തിന് സർക്കാർ ശ്രമിക്കാത്തത് സ്വാശ്രയ മാനേജ്മെന്റുകളെ സഹായിക്കാനാണെന്ന ആക്ഷേപം പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

(ഡി സാമൂഹികനീതി മുൻനിർത്തി സ്വാശ്രയ മാനേജ്മെന്റുകളുമായി ചർച്ച നടത്തി ഉചിതമായ തീരുമാനം കൈക്കൊള്ളുവാനാണ് ഉദ്ദേശിക്കുന്നത്.

സെക്ഷൻ ഓഫീസർ